## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1854** **04.05.2017-ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ. നവീകരണം**

| ചോദ്യം<br>ശ്രീമതി. പി.അയിഷാ പോറ്റി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ. യുടെ നവീകരണത്തിനായി സ്വീകരിച്ചുവരുന്ന നടപടി ക്രമങ്ങൾ വിശദമാക്കുമോ; | (എ) | കെ.എസ്.എഫ്.ഇ. യുടെ നവീകരണത്തിനായി കോർ ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ ആയ 'കാസ്ബ' എല്ലാ ശാഖകളിലും നടപ്പിലാക്കി. ജീവനക്കാർക്ക് തൊഴിൽ നൈപുണ്യവും സമകാലീന സമ്പദ് വ്യവസ്ഥയെക്കുറിച്ചും ഉപഭോക്തൃ സേവനത്തെക്കുറിച്ചുമുള്ള നൂതന അറിവുകൾ പകരുന്ന പരിശീലന സമ്പ്രദായം ആരംഭിച്ചു. കുടിശ്ശിക നിവാരണത്തിനായി 'ഇളവ് 2017' എന്ന പേരിൽ ഒരു സമയബന്ധിത പദ്ധതി നടപ്പിലാക്കി. |
| (ബി) | കെ എസ് എഫ് ഇ പുതിയതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ചിട്ടികൾ ഏതെല്ലാമാണ്; | (ബി) | സാധാരണ നടപ്പിലാക്കുന്ന ഉത്സവകാല ചിട്ടികൾക്ക് പുറമെ 'കിഫ്ബി'യുമായി സഹകരിച്ച് പ്രവാസി ചിട്ടികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| (സി) | പുതിയ ചിട്ടികൾ വഴി എത്ര കോടി രൂപ സമാഹരിക്കാനാണ് കെ.എസ്.എഫ്.ഇ ലക്ഷ്യമിടുന്നത്? | (സി) | 2017-18 സാമ്പത്തിക വർഷത്തിൽ 484 കോടിയുടെ പുതിയ ചിട്ടികളും 'കിഫ്ബി'യുമായി സഹകരിച്ച് പ്രവാസി ചിട്ടികൾ വഴി അടുത്ത 2-3 വർഷം കൊണ്ട് 12000 കോടിയുടെ ധനസമാഹരണവും ലക്ഷ്യമിടുന്നു. |

Jeyl

**സെക്ഷൻ ഓഫീസർ.**